*Celebrating Extraordinary Missionary Month October 2019…*

**Thursday, 17 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ആറാം വ്യാഴം

Mt 25:1-13

പത്ത് കന്യകമാർ

Fr. Mathew kareethara CMI

പത്തു കന്യകമാർ പത്തു പേർക്കും വിളക്കുണ്ട്. എന്നാൽ എണ്ണ ഉള്ളത് അഞ്ചു പേർക്ക് മാത്രം. വിളക്കുണ്ടായിട്ടു മാത്രം കാര്യമില്ല. എണ്ണയില്ലെങ്കിൽ വിളക്കു കൊണ്ടെന്തു കാര്യം?
എന്താണ് വിളക്ക്? എന്റെ ക്രൈസ്തവ അസ്തിത്വം.. സഭാതനയൻ/തനയ എന്ന ലേബൽ എന്റെ ക്രൈസ്തവ നാമം... എന്റെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ... മതബോധനം. സംഘടനകൾ. എന്റെ തിരുനാളുകൾ, ധ്യാനങ്ങൾ, കൺവെൻഷനുകൾ, ഞായറാഴ്ച ആചരണം. ഇതെല്ലാം വിളക്ക് മാത്രമാണ്. എന്റെ ക്രൈസ്തവ അസ്തിത്വത്തെ മറ്റുള്ളവരുടെ മുമ്പിൽ പരിചയപ്പെടുത്താനുള്ള അടയാളങ്ങൾ മാത്രം. അടയാളങ്ങൾ അടയാളങ്ങളായി മാത്രം അവശേഷിക്കും. ഈ അടയാളങ്ങൾക്കപ്പുറം അത് സൂചിപ്പിക്കുന്ന ആത്മീയതയുടെ തെളിനീരുറവ തേടാനും നേടാനും ഞാൻ മനസ്സാകാത്തിടത്തോളം കാലം ഈ ആത്മീയതയാണ്, അതിന്റെ ശക്തിയാണ് എന്റെ വിളക്കിലെ എണ്ണ.

പലപ്പോഴും ഞാൻ എന്റെ വിളക്കിന്റെ ഭംഗിയിൽ മാത്രം ഊറ്റം കൊള്ളുന്ന ക്രിസ്തുശിഷ്യനായി മാറുന്നില്ലേ? വിളക്കിന്റെ വിസ്മയങ്ങളിൽ വീണു പോയി എണ്ണയുടെ കാര്യം ഞാൻ വിസ്മരിച്ചു പോയില്ലേ? എന്റെ ആത്മീയ പദ്ധതികൾ പലപ്പോഴും എന്റെ വ്യക്തിപരമായ മഹത്വം പ്രഘോഷിക്കുന്നതിനുള്ള വേദികളായി തരം താഴ്ന്നു പോകുന്നില്ലേ? എന്നിൽ ക്രിസ്തുവിനെ തിരയുന്നവർ നിരാശരായി തിരിച്ചു പോയിട്ടില്ലേ?

വിളക്കുള്ളവരല്ല വിളക്കിൽ എണ്ണയുണ്ടായിരുന്നവരാണ് മണവാളനോടൊപ്പം അകത്തു പ്രവേശിച്ചത്. അല്ലാത്തവർക്ക് മുൻപിൽ വാതിൽ കൊട്ടിയടക്കപ്പെട്ടു എന്നുള്ളത് ഞാൻ ഭീതിയോടു കൂടി ഓർക്കുന്നു. വിളക്കിലെ എണ്ണ തീർന്നു പോകുന്ന കാര്യം തിരിച്ചറിയാനുള്ള ജാഗ്രതയാണ് എന്നിലെ ക്രിസ്തുശിഷ്യന് ഉണ്ടായിരിക്കേണ്ടത് എന്ന് ഞാൻ തിരിച്ചറിയുന്നു.
"ഞാൻ നിങ്ങളെ അറിയുകയില്ല" എന്ന തിരസ്കരണത്തിന്റെ വചനം അവിടുത്തെ അധരങ്ങളിൽ നിന്നും പൊഴിയാതിരിക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ""നീ ഇന്ന് എന്നോട് കൂടെ പറുദീസായിലായിരിക്കും" എന്ന സാന്ത്വനവചനം എനിക്ക് കേൾക്കാൻ ഇടവരട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു.

*Published by*

CMI General Department of Evangelization and Pastoral Ministry